III ഇ.ബി. XII-കേരള നിയമസഭ /V-4

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 ജൂൺ 22,വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ഉന്നയിക്കുകയും (*91 & *92) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. അടിയന്തിരപ്രമേയം

മാതൃഭൂമിയുടെ പേരാമ്പ്ര ലേഖകനെ ഒരു വിഭാഗം ആളുകൾ ഭീഷണിപ്പെടുത്തുകയും ഓഫീസ്സിലെ കമ്പ്യൂട്ടർ റൂം നശിപ്പിക്കുകയും ചെയ്തതിനെത്തുടർന്നുളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയ നോട്ടീസിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച്

സർവ്വശ്രീ ഉമ്മൻചാണ്ടി, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി എന്നീ നേതാക്കന്മാർ പ്രസ്താവനകൾ നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപസമയ ത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.

## III. ശ്രദ്ധ ക്ഷണിക്കൽ

(1) കേരളത്തിലെ കേരകർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സി.കെ.പി. പത്മനാഭൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ഒ.ഡി.ആർ-ൽനിന്ന് എം.ഡി.ആർ-ലേയ്ക്ക് മാറ്റിയ റോഡുകളുടെ അറ്റകുറ്റപ്പണിക്കുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് മാറ്റിക്കൊടുക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. വർക്കല കഹാർ മരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV. സബ്മിഷൻ

(1) കൊച്ചിയിലെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(2) മീനച്ചിൽ റിവർവാലി പദ്ധതിയുടെ പണി ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. പി.സി. ജോർജ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(3) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(4) ചങ്ങനാശ്ശേരി താലൂക്കിലെ നെടുംകുന്നം പഞ്ചായത്തിലെ കൃഷ്ണൻ കുട്ടി മരണപ്പെട്ടത് സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) പൊതുമാപ്പിന് വിധേയരായ വിദേശമലയാളികളെ നാട്ടിലെത്തിക്കുന്നതിന് സൗകര്യം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ.ടി. ജലീൽ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) സിനിമാ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. എ.എം. ആരിഫ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

( ഇതേ വിഷയം സംബന്ധിച്ച് ശ്രീ. ജോസ് തെറ്റയിലും സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

(7) ബത്തേരിയിൽ ആദിവാസിയായ ബാബുവും കർത്തയും ജയിലിലായത് സംബന്ധിച്ച് ശ്രീ. എ.പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) ഒമാനിൽ ഗോനു ചുഴലിക്കാറ്റിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബത്തിന് ധനസഹായം നൽകേണ്ടത് സംബന്ധിച്ച് ശ്രീ. കെ.വി. അബ്ദുൾ ഖാദർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) ഹെൽമറ്റ് നിർബന്ധമാക്കിയതുമൂലം ഇരുചക്ര വാഹന യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

( ഇതേ വിഷയം സംബന്ധിച്ച് ശ്രീ. തോമസ് ഉണ്ണിയാടനും സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

(10) ട്രാൻസ്ജനിക് ബി.ടി. റൈസ് ഹൈബ്രിഡ്സ് പരീക്ഷണം സംബന്ധിച്ച് ശ്രീ. എം.വി. ശ്രേയാംസ് കുമാർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) ആര്യനാട് കീഴാവൂർ കടവ് പാലത്തിന്റെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(12) പരവൂർ മുനിസിപ്പാലിറ്റിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) ബാലരാമപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കേണ്ട തിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എൻ ശക്തൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(14) കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ പ്രതിസന്ധി സംബന്ധിച്ച് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(15) ഉപ്പളയിൽ ഫയർസ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി.എച്ച്. കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(16) പെരുമ്പാവൂരിലെയും പരിസര പ്രദേശങ്ങളിലെയും വോൾട്ടേജ് ക്ഷാമം സംബന്ധിച്ച് ശ്രീ. സാജു പോൾ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(17) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീമതി പി. അയിഷാ പോറ്റി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(18) കോഴിക്കോട് സർവ്വകലാശാല സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും തെരഞ്ഞെടുപ്പ് നടത്തേണ്ടത് സംബന്ധിച്ച് ശ്രീ. പി.കെ. അബ്ദുറബ്ബ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(19) നിബന്ധനകൾ പാലിക്കാതെ ചെങ്കൽപ്പണകളും ക്വാറികളും നിർമ്മിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് റനവ്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

(20) വഖഫ് ബോർഡിന്റെ പ്രവർത്തനത്തിൽ ഇടപെടുന്നത് സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(21) ഇടുക്കി ആർച്ച് ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി ന്ൽകി.

## V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) <u>ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ</u>

(1) ശ്രീ. എം. മുരളി പെൻഷൻകാർക്ക് ആശ്വാസം നൽകുന്ന 2006-ലെ കേരള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(2) ശ്രീ. എം. മുരളി 2006-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും തൊഴിലും എക്സൈസും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിക്കുകയും മന്ത്രിയുടെ മറുപടിക്കുശേഷം പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയും ചെയ്തു.

(3) ശ്രീ. എം. മുരളി 2006-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(4) ശ്രീ. എം. മുരളി 2006-ലെ മലയാള സർവ്വകലാശാല ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(5) ശ്രീ. എം. മുരളി 2006-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും

വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(6) ശ്രീ. എം. മുരളി 2006-ലെ കേരള ഫോട്ടോഗ്രാഫർമാരുടെയും വീഡിയോഗ്രാഫർമാരുടെയും ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും തൊഴിലും എക്സൈസും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(7) ശ്രീ. എം. മുരളി 2006-ലെ കേരള പർപ്പടക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും തൊഴിലും എക്സൈസും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(8) ശ്രീ. എം. മുരളി 2007-ലെ കേരള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും തൊഴിലും എക്സൈസും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(9) ശ്രീ. ആർ. സെൽവരാജ് 2006-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ഭേദഗതി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും

പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(10) ശ്രീ. ആർ.സെൽവരാജ് 2006-ലെ കേരള സംസ്ഥാന നിരാശ്രയ കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

2007 ജൂൺ മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.